LIBRARY ARCHIVES Kerala Legislative Assembly

വനഭൂമിയുടെ ദുരുപയോഗം

279 (2108) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിൽ കാർഷികാവശ്യത്തിനു കൈമാറിയ ഭൂമി നിശ്ചിത ഉദ്ദേശ്യത്തിൽ നിന്നും മാറ്റി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിയമലംഘനങ്ങൾക്കെതിരെ വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡിവിഷനുകീഴിൽ കാർഷികാവശ്യത്തിനു കൈമാറിയ ഭൂമിയിലോ വന ഭൂമിയോട് ചേർന്നോ ക്വാറികൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) കാർഷികാവശ്യത്തിനായി കൈമാറിയ ഭൂമി എത്ര ഹെക്ടർ ആണെന്നും പ്രസ്തുത ഭൂമി നിശ്ചിത ആവശ്യത്തിന് തന്നെയാണോ ഉപയോഗപ്പെടുത്തുന്നതെന്നും പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) വനംവകുപ്പ് കൈമാറിയ ഭൂമിയിൽ ക്വാറികൾ പ്രവർത്തിക്കുവാൻ റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ എന്നും ഇത് നിയമവിധേയമാണോ എന്നും വ്യക്തമാക്കുമോ ;

(ഇ) വനം വകുപ്പ് കാർഷികാവശ്യത്തിനു നല്കിയ ഭൂമി നിയമ വിരുദ്ധമായി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. വനം-റവന്യൂ വകുപ്പുകൾ ചേർന്ന് സംയുക്ത സർവ്വേ നടത്തുകയും കാർഷികാവശ്യത്തിനും താമസത്തിനും മറ്റും മാത്രമായി പതിച്ച് നൽകുകയും ചെയ്ത വനഭൂമിയിൽ പാറ ഖനനം നടത്തിവന്നിരുന്ന ബിസ്മി ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഖനനാനുമതി റദ്ദു ചെയ്യുന്നതിന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശിപാർശ ചെയ്ത പ്രകാരം മലപ്പുറം ജില്ലാ കളക്ടർ ടി സ്ഥാപനത്തിന് സ്റ്റോപ് മെമ്മോ നൽകിയിരുന്നു. ഇതിനെതിരെ പ്രസ്തുത സ്ഥാപനം സർക്കാരിൽ സമർപ്പിച്ച അപ്പീൽ നിരസിച്ച് റവന്യൂ വകുപ്പ് ഉത്തരവായെങ്കിലും ടി തീരുമാനത്തിനെതിരെ അവർ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം മേൽ അപ്പീൽ വീണ്ടും സർക്കാരിന്റെ പരിഗണനയിലുമാണ്.

കൂടാതെ നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉൾപ്പെട്ടവരുന്ന പതിച്ചു നൽകിയിട്ടില്ലാത്ത വനഭൂമി ഉൾപ്പെടെയുള്ള ഭൂമിയിൽ ലാന്റ് ടൈബ്യൂണൽ പട്ടയം നേടി പ്രവർത്തിച്ചിരുന്ന ഒതായി ഗ്രാനൈറ്റ് എന്ന സ്ഥാപനത്തിന് കളക്ടർ നൽകിയ സ്റ്റോപ് മെമ്മോയ്ക്കെതിരെ ടി സ്ഥാപനം ഹൈക്കോടതിയെ സമീപിക്കുകയും കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷ റവന്യൂ വകുപ്പ് പരിശോധിച്ച് അത് നിരസിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ ടി സ്ഥാപനം ഫയൽ ചെയ്ത 35843/15-ാം നമ്പർ റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(സി) നിലമ്പൂർ നോർത്ത് ഡിവിഷന്റെ കീഴിൽ 1917.4841 ഹെക്ടർ വനഭൂമി കാർഷികാവശ്യത്തിന് പതിച്ചു കൊടുക്കുന്നതിനായി റവന്യൂ വകുപ്പിന് കൈമാറി. അതിൽ 1194.38 ഹെക്ടർ പതിച്ചു നൽകിയിട്ടുണ്ട്.

(ഡി) 11-11-2015-ലെ ജി.ഒ.(എം.എസ്) നമ്പർ 593/15/റവ, നമ്പർ ഉത്തരവിൽ ഭൂ പതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ എൽ.എ. പട്ടയഭൂമിയിലെ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിന് റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയും അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കാർഷിക ആവശ്യത്തിന് പതിച്ചു നൽകുന്ന വനഭൂമിയിൽ പാറ ഖനനത്തിന് അനുമതി നൽകുന്നത് 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമപ്രകാരം ലംഘനമാണ്. പതിച്ചു നൽകാതെ അവശേഷിക്കുന്ന വനഭൂമി തിരിച്ചെടുക്കുവാനുള്ള സർവ്വേ നടപടികൾ കോടതി വിധി പ്രകാരം നടന്നുവരുന്നു. 175.81 ഹെക്ടർ വനഭൂമി വീണ്ടെടുക്കുവാൻ കഴിഞ്ഞു. 421.4752 ഹെക്ടർ വനഭൂമിയുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്.

തടിവ്യവസായം

280 (2109) ശ്രീ. റ്റി. യു. കരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരവ്യവസായം പരിപോഷിപ്പിക്കുന്നതിന് വനം വകുപ്പ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly